# കേരളസർവകലാശാല

**Re-accredited by NAAC with A++ GRADE**

നം. പി.ആർ. **112/2026** തിരുവനന്തപുരം, തീയതി : **03/06/2026**

## പത്രക്കുറിപ്പ്

### കേരളസർവകലാശാല ഒന്നാം വർഷ എംഎഡ് പ്രവേശനം - 2026

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്/ എയ്ഡഡ്/സ്വാശ്രയ കോളേജുകളിലേക്കുള്ള 2026-27 അധ്യയന വർഷത്തിലേക്കുള്ള എംഎഡ് പ്രവേശനത്തിനായുള്ള റാങ്ക് ലിസ്റ്റ് സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. വിദ്യാർത്ഥികൾക്ക് അവരവരുടെ പ്രൊഫൈലിൽ ലോഗിൻ ചെയ്ത് റാങ്ക് ലിസ്റ്റ് പരിശോധിക്കാവുന്നതാണ്. പ്രസ്തുത റാങ്ക് ലിസ്റ്റ് അനുസരിച്ചുള്ള സ്പോട്ട് അഡ്മിഷൻ 08-06-2026 ന് സർവകലാശാല സെനറ്റ് ഹാളിൽ വച്ച് നടത്തുന്നതാണ്.

അലോട്ട്മെന്റ് സംബന്ധമായ മറ്റ് വിവരങ്ങൾക്ക് അഡ്മിഷൻ വെബ്സൈറ്റ് (https://admissions.keralauniversity.ac.in/med2026) സന്ദർശിക്കുക. സംശയനിവാരണത്തിനായി 8281883053 എന്ന മൊബൈൽ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

### കേരളസർവകലാശാല ഒന്നാം വർഷ ബിരുദ പ്രവേശനം (FYUGP) 2026-27

കേരളസർവകലാശാലയുടെ നാല് വർഷ ബിരുദ **(FYUGP)** പ്രവേശനത്തിനുള്ള അഡ്മിഷൻ പോർട്ടലിൽ നിലവിലുള്ള കോളേജുകൾ/കോഴ്സുകൾക്ക് പുറമെ മുസ്ലിം അസോസിയേഷൻ കോളേജ് ഓഫ് ആർട്സ് ആന്റ് സയൻസ്, പനവൂർ (നെടുമങ്ങാട്), മദർ തെരേസ കോളേജ്, നെല്ലിക്കാട് (കാട്ടാക്കട) എന്നീ കോളേജുകളിൽ ചുവടെ ചേർത്തിരിക്കുന്ന കോഴ്സുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

| Sl No | College | Courses |
|---|---|---|
| 1 | Muslim Association College of Arts & Science, Panavoor (Nedumangad) | BA (English & Communicative English, Economics, Sociology)<br><br>B.Sc. Computer Science, B.Com, B.B.A |
| 2 | Mother Theresa College, Nellikkad (Kattakkada) | BA English, B.Com |

അപേക്ഷ സമർപ്പിക്കുന്നതിലേക്കുള്ള അവസാന തീയതിയായ 2026 ജൂൺ 14 വരെ കോളേജ്/കോഴ്സ് ഓപ്ഷനുകൾ നൽകാനും പുനഃക്രമീകരിക്കാനും സാധിക്കുന്നതാണ്. ആയതിലേക്കായി സർവകലാശാല വെബ്സൈറ്റ് (**https://admissions.keralauniversity.ac.in/fyugp2026**) സന്ദർശിക്കുക.

## പരീക്ഷാഫലം

കേരളസർവകലാശാലയുടെ മൂന്നാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ്. ബിസിഎ (332) (ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി - 2023 അഡ്മിഷൻ, സപ്ലിമെന്ററി – 2021 & 2022 അഡ്മിഷൻ, മേഴ്സിചാൻസ് – 2013, 2017, 2018 & 2020 അഡ്മിഷൻ), ജനുവരി 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യ നിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2026 ജൂൺ 30 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2025 ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ എംഎ സംസ്കൃതം സ്പെഷ്യൽ (വേദാന്ത, ന്യായ, വ്യാകരണ, സാഹിത്യ & ജ്യോതിഷ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് 2026 ജൂൺ 12 വരെ www.slcm.keralauniversity.ac.in മുഖേന ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2025 ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ എംഎസ്സി ഹോം സയൻസ് (ഫാമിലി റിസോഴ്സ് മാനേജ്മെന്റ്), എംഎസ്സി ഹോം സയൻസ് (എക്സ്റ്റൻഷൻ എജ്യൂക്കേഷൻ), എംഎസ്സി ഹോം സയൻസ് (ഫുഡ് ആന്റ് ന്യൂട്രീഷ്യൻ) & എംഎസ്സി ഹോം സയൻസ് (ന്യൂട്രീഷ്യൻ & ഡയറ്ററ്റിക്സ്) (റെഗുലർ & സപ്ലിമെന്ററി) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് 2026 ജൂൺ 12 വരെ www.slcm.keralauniversity.ac.in മുഖേന ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പ്രോജക്ട്/വൈവവോസി

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസം 2026 മെയിൽ നടത്തിയ ആറാം സെമസ്റ്റർ ബിബിഎ പരീക്ഷയുടെ പ്രോജക്ട്/വൈവവോസി 2026 ജൂൺ 04 ന് കാര്യവട്ടം വിദൂരവിദ്യാഭ്യാസ കേന്ദ്രത്തിൽ വച്ച് നടത്തുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ടൈംടേബിൾ

കേരളസർവകലാശാല 2026 ജൂണിൽ നടത്തുന്ന മൂന്നാം സെമസ്റ്റർ എംഎഡ് (2022 സ്കീം – റെഗുലർ & സപ്ലിമെന്ററി) പരീക്ഷ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്ജ്)**

**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

*University information is available on* **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**